# വിശ്വാസപരിശീലനകേന്ദ്രം

## 2024-25 വിശ്വാസപരിശീലനവർഷം
## ആപ്തവാക്യം
## "പ്രാർത്ഥനയിൽ വളരാം"

**1. പ്രവേശനോത്സവം Arise:** കുട്ടികളെ പള്ളിയിലേക്ക് ആകർഷിക്കുവാൻ വിഭാവനം ചെയ്യുന്ന ക്രിയാത്മകമായ പരിപാടിയാണ് പ്രവേശനോത്സവം. പ്രവേശനോത്സവ ദിനത്തിൽ കുട്ടികൾക്ക് പള്ളിയിൽ വരുവാൻ പ്രോത്സാഹനം നൽകുന്നവിധത്തിലുള്ള പരിപാടികൾ ഇടവകതലത്തിൽ ഇടവകയിൽനിന്നുള്ളവരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കാം.

**2. അധ്യാപകർക്ക് ഓറിയന്റേഷൻ ക്ലാസ്:** 2024-25 വിശ്വാസപരിശീലനവർഷം കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി ഓരോ ഇടവകയിലും അധ്യാപകർക്ക് ഓറിയന്റേഷൻ ക്ലാസ് നൽകുന്നത് അഭികാമ്യമായിരിക്കും. ഇടവകയിൽനിന്നോ അടുത്ത ഇടവകയിൽനിന്നോ ഉള്ള ഒരു റിസോഴ്സ് പേഴ്സനെ ഇതിനായി കണ്ടെത്തുന്നത് ഉചിതമായിരിക്കും. Motivation talk നൽകുവാൻ കഴിയുന്നവരെയും സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ പഠിപ്പിക്കുന്ന അധ്യാപകരെയും പ്രൊഫഷണൽ ജോലി ചെയ്യുന്നവരെയും പ്രാപ്തരായ മാതാപിതാക്കളെയും ഇതിനായി കണ്ടെത്താവുന്നതാണ്.

**3. സന്മാർഗബോധനവർഷം ഉദ്ഘാടനവും അവാർഡ് ദാനവും:** എറണാകുളം-അങ്കമാലി അതിരൂപതയുടെ കീഴിൽ സന്മാർഗബോധന ക്ലാസ്സുകൾ നടത്തുന്ന സ്ക്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെയും ആനിമേറ്റേഴ്സിന്റെയും യോഗവും സന്മാർഗബോധന വർഷം ഉദ്ഘാടനവും അവാർഡ് ദാനവും ജൂൺ 08 ശനിയാഴ്ച റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു. ജൂൺ 08 ശനിയാഴ്ച രാവിലെ 10.00 ന് രജിസ്ട്രേഷനും 10.30 മണി മുതൽ 1.00 മണി വരെ മീറ്റിങ്ങും, ഉച്ചകഴിഞ്ഞ് 2.00 മണിക്ക് സന്മാർഗബോധനവർഷം ഉദ്ഘാടനവും അവാർഡ് ദാനവും ഉണ്ടായിരിക്കും. 2023-24 സന്മാർഗബോധനവർഷത്തിൽ നാലു മുതൽ പന്ത്രണ്ടാം

ക്ലാസ്സുവരെ A+ കരസ്ഥമാക്കി സ്കോളർഷിപ്പിന് അർഹരായ കുട്ടികൾക്കുള്ള സമ്മാനദാനവും ഉണ്ടായിരിക്കുന്നതാണ്.

**4. കാറ്റിക്കിസം & സന്മാർഗബോധന പാഠപുസ്തകങ്ങൾ:** ഫൊറോനാകേന്ദ്രങ്ങളിൽ എത്തിച്ചിട്ടുണ്ട്.

**5. ഓൺഗോയിങ് ട്രെയിനിങ് പ്രോഗ്രാം:** പതിനൊന്നാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന കാറ്റിക്കിസം ടീച്ചേഴ്സിന്റെ ഓൺ ഗോയിങ് ട്രെയിനിങ് പ്രോഗ്രാം അതിരൂപതാതലത്തിൽ ജൂൺ മാസം 17-ാം തീയതി തിങ്കളാഴ്ച നടക്കും.

**6. വിശ്വാസപരിശീലനവർഷം ഉദ്ഘാടനം:** മെയ് 26 ാം തീയതി എറണാകുളം-അങ്കമാലി അതിരൂപതയുടെ 2024-25 വിശ്വാസപരിശീലന വർഷം ഉദ്ഘാടനകർമ്മം ബിഷപ് ബോസ്ക്കോ പുത്തൂർ നിർവ്വഹിച്ചു. അതിരൂപതയിലെ 5000-ത്തോളം വരുന്ന വിശ്വാസപരിശീലകരുടെ പ്രതിനിധികളായ പ്രധാനാധ്യാപകരും, പ്രൊമോട്ടേഴ്സും, സെക്രട്ടറി സിസ്റ്റേഴ്സും, മാതാപിതാക്കളും, സമ്മാനർഹരായകുട്ടികളും പങ്കെടുത്ത സമ്മേളനത്തിൽ, വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യമായ 'പ്രാർത്ഥനയിൽവളരാം' എന്ന വിഷയത്തെ ആസ്പദമാക്കി പിതാവ് സംസാരിച്ചു. അതിരൂപതാവിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കിയ *വചനദീപം* എന്ന ഗ്രന്ഥത്തിന്റെയും 2024-25 വിശ്വാസ പരിശീലനവർഷത്തിന്റെ 'പ്രാർത്ഥനയിൽവളരാം' എന്ന ലോഗോയുടെ യും പ്രകാശനകർമ്മം തദവസരത്തിൽ നടത്തി.

25 ഉം, 40 ഉം, 50 ഉം വർഷം വിശ്വാസപരിശീലനരംഗത്തു പ്രവർത്തിച്ച വിശ്വാസപരിശീലകരെയും അദ്ദേഹം സമ്മേളനത്തിൽ ആദരിച്ചു. വിശ്വാസപരിശീലനകേന്ദ്രം സംഘടിപ്പിച്ച വിവിധ മത്സരങ്ങളിൽ വിജയികളായിട്ടുള്ളവർക്കും അതിരൂപതാതല സ്കോളർഷിപ്പുനേടിയ 225 കുട്ടികൾക്കും 12 വർഷം വിശ്വാസപരിശീലന ക്ലാസുകളിൽ മുടങ്ങാതെവന്ന കുട്ടികൾക്കും അദ്ദേഹം ട്രോഫിയും അവാർഡുകളും നൽകി. വികാരി ജനറാൾ മോൺസിഞ്ഞോർ ആന്റണി പെരുമായൻ യോഗത്തിൽ അനുഗ്രഹപ്രഭാഷണം നൽകി.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**